## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1426

14.06.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് :<br>,, തോമസ് ഉണ്ണിയാടൻ :<br>,, റ്റി. യു. കുരുവിള :<br>,, മോൻസ് ജോസഫ് : | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) ന്യൂനപക്ഷക്ഷേമത്തിനായി കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ച പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെട്ട പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റിയും ജില്ലാകളക്ടർമാർ അദ്ധ്യക്ഷരായുള്ള ജില്ലാതലകമ്മിറ്റികളും നിലവിലുണ്ട്. ഈ കമ്മിറ്റികളിൽ എം.പിമാരും എം.എൽഎമാരും അംഗങ്ങളാണ്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ച കേന്ദ്രപദ്ധതിയായ എം.എസ്.ഡി.പി-യുടെ അവലോകനവും ഈ കമ്മിറ്റികൾ മുഖേന നടത്താറുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളുടെ സമഗ്ര ഉന്നമനത്തിനായി തൊഴിൽ സംരംഭങ്ങളുൾപ്പെടെയുള്ള പദ്ധതികൾക്ക് ലോൺ നൽകി സഹായിക്കുന്നതിനായി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഇവയുടെ പ്രവർത്തനം വിലയിരുത്താനും ശുപാർശകൾ നൽകാനും സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |
| ബി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചുകൊണ്ട് ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിനും, ന്യൂനപക്ഷ വിഭാഗങ്ങളിലെ ആളുകളെ ബോധവത്ക്കരിക്കുന്നതിനുമുള്ള നടപടികൾ തുടർന്നു വരുന്നു. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പേരിൽ പുതിയ വെബ് സൈറ്റും രൂപം കൊടുത്തു. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ജില്ലാ ആഫീസുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ